# വാഹന ലേലം/ക്വട്ടേഷൻ വില്പന വ്യവസ്ഥകൾ

1. ലേല/ക്വട്ടേഷൻ വില്പന തീയതി : **2026 ജൂൺ 26.**

   സമയം : 11.00 A.M

   സ്ഥലം : ഹെഡ്ഡാഫീസ്, മീനച്ചിൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, പൂഞ്ഞാർ

2. ലേലത്തിൽ പങ്കെടുക്കുവാൻ/ക്വട്ടേഷൻ സമർപ്പിക്കുവാൻ താൽപര്യമുള്ളവർ 20,000/- രൂപ നിരതദ്രവ്യം ലേലത്തീയതിയായ 26.06.2026 -10.30 A.M. ന് മുമ്പായി ബാങ്കിൽ അടയ്ക്കേണ്ട താണ്. നിരതദ്രവ്യം അടയ്ക്കുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ/ ക്വട്ടേഷൻ സമർപ്പിക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

3. 26.06.2026 -10.30 A.M ന് ശേഷം സമർപ്പിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ ഒട്ടിച്ചകവറുകളിൽ നൽകേണ്ടതും കവറിനുപുറത്ത് **"Quotation for purchase of Bolero - KL 35 C 0877"** എന്നും ക്വട്ടേഷൻ നൽകുന്ന ആളുടെ പൂർണ്ണ വിലാസവും ഫോൺ നമ്പറും രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

4. ക്വട്ടേഷനുകൾ തുറന്ന് കൂടിയ തുക രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് ലേലം വിളി ആരംഭിക്കുന്നതും പരസ്യലേലം വിളി പൂർത്തിയായതിനുശേഷം ഉയർന്ന തുക ലേലം കൊണ്ട വ്യക്തിയ്ക്ക് ലേലം താല്കാലികമായി ഉറപ്പിച്ച് നൽകുന്നതുമായിരിക്കും.

5. ലേലം ഉറപ്പിച്ചുകിട്ടുന്ന വ്യക്തി ലേലത്തുകയുടെ 50 ശതമാനം (നിരതദ്രവ്യം ഉൾപ്പെടെ) അപ്പോൾത്തന്നെയും ബാക്കി തുക 7 ദിവസത്തിനകമായും ബാങ്കിൽ അടയ്ക്കേണ്ടതാണ്. വാഹന വിലയുടെ 18% GST കൂടി ലേലം കൊള്ളുന്ന ആൾ ബാങ്കിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

P.T.O

6. ലേലം കൊണ്ടതിനുശേഷം ലേലവ്യവസ്ഥപ്രകാരം ബാക്കിതുക നിശ്ചിതസമയത്തിനകം അടയ്ക്കാതിരുന്നാൽ നിരതദ്രവ്യം ഉൾപ്പെടെ ബാങ്കിൽ അടച്ച മുഴുവൻ തുകയും ഇളച്ചുപോകുന്നതും ബാങ്കിലേയ്ക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.

7. ലേലം കൊണ്ട ആളുടെ പേരിൽ തന്നെ വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റേണ്ടതും ലേലം മറ്റൊരാളുടെ പേരിൽ മാറ്റി നൽകുന്നതല്ലാത്തതും ആകുന്നു.

8. വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറിയതിനുശേഷം മാത്രമെ വാഹനം വിട്ടുനൽകുകയുള്ളൂ.

9. ലേലത്തുക മുഴുവനായി ബാങ്കിൽ അടച്ച് വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറി വാഹനം ഏത് അവസ്ഥയിലാണോ അതേ അവസ്ഥയിൽ ലേലം കൊണ്ടയാൾ കൈപ്പറ്റേണ്ടതാണ്.

10. ലേലത്തീയതിയിലെ വാഹനത്തിന്റെ കിലോമീറ്റർ റീഡിംഗ് ലേലം കൊണ്ടയാൾ കണ്ട് ബോദ്ധ്യപ്പെടേണ്ടതും ലേലം ഉറപ്പിക്കുന്നപക്ഷം, ലേലതീയതിയ്ക്ക് ശേഷം വാഹനം ബാങ്ക് ഉപയോഗിക്കുന്നതല്ലാത്തതുമായിരിക്കും.

11. ലേലത്തിന് ശേഷം വാഹന സംബന്ധമായ യാതൊരുവിധമായ പരാതികൾക്കും ബാങ്കിന് ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല.

12. വാഹനം : Fitness - 19.05.2031     Tax - 31.03.2031 വരെ,

    Insurance - 30.04.2027 വരെ,     PUCC - 19.11.2026

13. യാതൊരു കാരണവും പറയാതെയും ബോധിപ്പിക്കാതെയും ലേലനടപടികൾ നിറുത്തി വയ്ക്കുന്നതിനോ മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

14. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ആധാർ കാർഡ്, പാൻകാർഡ് (ഒറിജിനൽ) കൊണ്ടുവരേണ്ടതാണ്.

15. ലേലം സംബന്ധിച്ച അന്തിമ തീർപ്പ് ബാങ്ക് ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

പൂഞ്ഞാർ
10/06/2026